**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2149** **12-02-2024 - ൽ മറുപടിയ്ക്ക്**

**താനൂർ-കൂട്ടായി കനാലിന് കുറുകെയുള്ള വൈശ്യം നടപ്പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരൂർ മണ്ഡലത്തിലെ വെട്ടം ഗ്രാമ പഞ്ചായത്തിലുള്ള പടിയത്ത്പറമ്പ്-ആശാൻപടി ഭാഗങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന താനൂർ-കൂട്ടായി കനാലിന് കുറുകെയുള്ള വൈശ്യം നടപ്പാലത്തെ ദേശീയ ജലപാത-3-ന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് കോൺക്രീറ്റ് പാലമാക്കി നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ? | (എ) | വൈശ്യം നടപ്പാലം അഥവാ വെട്ടം ചിറ്റേപ്പുറത്ത് പാലം ദേശീയ ജലപാത-3 ന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് കോൺക്രീറ്റ് പാലമാക്കി നിർമ്മിക്കുന്നതിനുള്ള മണ്ണ് പര്യവേഷണപ്രവൃത്തികൾ പൂർത്തിയാക്കി അതിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും ഇൻഡന്റും, പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിന് വേണ്ടി ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.)-ന് നല്കിയിട്ടുണ്ട്. ലഭ്യമായ പ്രൊപ്പോസലുകളിൽ മുൻഗണനാക്രമത്തിൽ സ്ഥലസന്ദർശനം നടത്തി ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഐ.ഡി.ആർ.ബി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ